**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡും ഫംഗസ് ബാധയും തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രോഗബാധയെ തുടർന്നും അല്ലാതെയുമുള്ള വിവിധ ഫംഗസ് ബാധകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | ബ്ലാക്ക് ഫംഗസ് (മ്യൂക്കർ മൈക്കോസിസ്) എന്ന രോഗബാധ സംസ്ഥാനത്ത് ഇതേവരെ (31.05.2021) കോവിഡ് ബാധിതരായ 57 പേരിലും, കോവിഡ് ബാധിതരല്ലാത്ത 6 പേരിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ് ബാധിതരായ 57 ൽ 4 പേർ തമിഴ്നാട്ടുകാരാണ്. കോവിഡ് ബാധിതരല്ലാത്ത 6 പേരിൽ 2 പേർ തമിഴ്നാട്ടുകാരാണ്. |
| (ബി) | ഗുരുതരമായ ഈ രോഗബാധ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | കോവിഡ് പോസിറ്റീവായ രോഗികളിലോ കോവിഡ് രോഗം ഭേദമായ പോസ്റ്റ് കോവിഡ് രോഗികളിലോ, പ്രത്യേകിച്ച് രോഗപ്രതിരോധ ശേഷി കുറവായ (High risk) രോഗികളിൽ (അനിയന്ത്രിതമായ പ്രമേഹം, സ്റ്റിറോയ്ഡുകൾ സ്ഥിരമായി ഉപയോഗിക്കുന്നവർ, പ്രതിരോധ ശേഷി കുറയ്ക്കുന്ന മരുന്നുകൾ സ്വീകരിക്കുന്നവർ, കാൻസർ ബാധിതർ, അവയവദാനം സ്വീകരിച്ചവർ മുതലായവർ) ആണ് മ്യൂക്കർ മൈക്കോസിസ് എന്ന രോഗം പിടിപെടാൻ സാധ്യത കൂടുതൽ ഉള്ളത്. ഇത്തരം രോഗികളിൽ കോവിഡ് പോസിറ്റീവ് ആയ ഉടനെയോ, കോവിഡ് രോഗം ഭേദമായി ആഴ്ചകൾക്കോ, മാസങ്ങൾക്കോ ശേഷമോ മ്യൂക്കർ മൈക്കോസിസ് രോഗലക്ഷണങ്ങൾ കാണാൻ സാധ്യതയുണ്ട്. 5 തരത്തിലുള്ള മ്യൂക്കർ മൈക്കോസിസ് രോഗബാധയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം 5 അവസ്ഥയിലുള്ള രോഗലക്ഷണങ്ങളും, അവ ചികിത്സിക്കേണ്ട രീതികളും പ്രതിപാദിച്ചു കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 16.05.2021 ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് മുൻ നിർത്തിയുള്ള നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ആശുപത്രികളിൽ നിന്നും വീടുകളിൽ നിന്നും ഫംഗസ് രോഗം പിടിപെടാനിടയുള്ള മറ്റ് സാഹചര്യങ്ങളെപ്പറ്റിയും |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളെയും, ജീവനക്കാരെയും ബോധവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും, ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് 27.05.2021 ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | രാജ്യത്ത് ഏറ്റവും ഫലപ്രദവും അത്യാധുനിക ചികിത്സാ സംവിധാനവുമുള്ള സംസ്ഥാനമെന്ന് അവകാശപ്പെടുമ്പോഴും ഇതര രോഗബാധിതർ ഉൾപ്പെടെയുള്ളവരുടെ മരണനിരക്ക് തടയുന്നതിനോ കുറച്ചുകൊണ്ടുവരുന്നതിനോ കഴിഞ്ഞിട്ടില്ല എന്നത് ഗൗരവമായി പരിശോധിക്കുമോ? | (സി) | കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിനും, മരണ നിരക്ക് കുറയ്ക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കോവിഡ് ബാധിതരായ ആളുകളെ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനും, അവരെ ക്വാറന്റയിനിൽ താമസിപ്പിക്കുന്നതിനും, ആവശ്യമുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്നതിനും സമ്പർക്ക വിലക്ക് ഉറപ്പാക്കുന്നതിനും ആരോഗ്യ വകുപ്പിനു പുറമേ പോലീസ്, സാമൂഹ്യ നീതി വകുപ്പ്, അങ്കണവാടി/ ആശാവർക്കർമാർ, പഞ്ചായത്ത് വകുപ്പ്, വോളണ്ടിയർമാർ എന്നിവരുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കോവിഡ് കാലത്ത് ആശുപത്രിയിൽ പോകാതെ വീട്ടിൽ ചികിത്സ ഉറപ്പാക്കുന്നതിനായി ഇ-സഞ്ജീവനി ടെലി മെഡിസിൻ പ്ലാറ്റ്ഫോം ആരംഭിച്ചു. സാംക്രമികേതര രോഗങ്ങൾ ഉള്ളവർക്ക് വീടുകളിൽ മരുന്നെത്തിച്ച് നൽകുന്നതിനും, മാനസിക പിന്തുണ ലഭ്യമാക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കോവിഡ് ആശുപത്രികൾക്ക് അധിക മാനവവിഭവ ശേഷിയും, അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. കോവിഡ് ആശുപത്രികളിലെ ഓക്സിജൻ ഉല്പാദന ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ആശുപത്രികളിൽ കൂടുതൽ ഐ.സി.യു കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള കോവിഡ് കെയർ സെന്ററുകളുടെ എണ്ണവും, |

സെന്ററുകളിലെ കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. വീട്ടിൽ ക്വാറന്റൈൻ സൗകര്യമില്ലാത്തതും രോഗലക്ഷണമില്ലാത്തതുമായ രോഗികളുടെ ചികിത്സക്കായി ഡൊമിസിലറി കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തീവ്രതയില്ലാത്ത രോഗലക്ഷണങ്ങളുള്ള (കാറ്റഗറി എ) രോഗികളുടെ ചികിത്സക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CFLTC) കുറച്ചു കൂടി തീവ്ര ലക്ഷണങ്ങളുള്ള (കാറ്റഗറി ബി) രോഗികളുടെ ചികിത്സക്കായി കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CSLTC) സജ്ജമാക്കിയിട്ടുണ്ട്. 02/06/2021 വരെ സംസ്ഥാനത്ത് 154 CFLTC കളും 95 CSLTCകളും 778 ഡൊമിസിലറി കെയർ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കോവിഡ് രോഗനിർണ്ണയം പെട്ടെന്ന് തന്നെ സാധ്യമാക്കുന്നതിനായി കോവിഡ് പരിശോധനാ സൗകര്യങ്ങൾ സജ്ജീകരിക്കുകയും, ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. RTPCR ന്റെ റേറ്റ് 500/- രൂപയായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിന് മുകളിൽ ദിനം പ്രതി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തി (KASP) പ്രൈവറ്റ് ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 2020 ഒക്ടോബറിൽ തന്നെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു.. അതനുസരിച്ച് സംസ്ഥാനത്തെ PHC/CHC/FHCകളിലും THQ/DH/GH & MCH കളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചു. കോവിഡ് ബാധിച്ച വ്യക്തികൾക്ക് രോഗത്തിൽ നിന്നും മുക്തി നേടിയശേഷം കാണപ്പെടുന്ന മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾക്കും മറ്റ് കോവിഡാനന്തര അസുഖങ്ങൾക്കും ചികിത്സ ലഭ്യമാക്കുന്നതിനാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചത്. ഇത്തരത്തിൽ കോവിഡാനന്തര രോഗങ്ങളെ ചികിത്സിക്കുന്നതിന് സമയബന്ധിതമായി സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തെ മരണ നിരക്ക് കുറയ്ക്കാൻ സഹായകരമായിട്ടുണ്ട്. 28/05/2021 വരെ സംസ്ഥാനത്ത് 1183 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെയും, ഇവിടങ്ങളിൽ ചികിത്സ ലഭിച്ച രോഗികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനവും, മരണ നിരക്കും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന്

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് ബാധിതരുടെ മരണ നിരക്ക് (CFR) കേരളത്തിൽ 0.34% ആണ്. ഇന്ത്യയിൽ 1.17% ആണ്. CFR നിലവിലുള്ള സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ മരണ നിരക്ക് രേഖപ്പെടുത്തുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയത് ഇത്തരം ഊർജ്ജിതമായ പ്രവർത്തനങ്ങൾ ആരംഭത്തിലേ നടപ്പിലാക്കിയതുമൂലമാണ്. സംസ്ഥാന തലത്തിൽ വിദഗ്ധരുൾപ്പെടുന്ന ഡെത്ത് ഓഡിറ്റ് കമ്മിറ്റി ആഴ്ച തോറും യോഗം ചേർന്ന് കോവിഡ് മൂലവും, കോവിഡ് ഇതര രോഗം മൂലവും മരണമടയുന്നവരുടെ വിശദവിവരം പരിശോധിച്ച് ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ജില്ലകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്. റിവേഴ്സ് ക്വാറന്റയിൻ ശക്തിപ്പെടുത്തുകയും, കിടപ്പ് രോഗികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നിർദ്ദേശവും യഥാസമയം നൽകി വരുന്നുണ്ട്. രോഗ സാധ്യത കൂടിയ ഗർഭിണികൾ, കുട്ടികൾ, 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, ദീർഘകാല രോഗങ്ങൾക്ക് ചികിത്സയെടുക്കുന്നവർ എന്നിവർക്ക് ആവശ്യമായ മരുന്നുകളും, മറ്റ് സാധന സാമഗ്രികളും അവരുടെ വീട്ടുകളിൽ എത്തിക്കുവാൻ ആവശ്യമായ RRT സംവിധാനവും, ഇതര വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

ബ്ലാക്ക് ഫംഗസ് (മ്യൂക്കർ മൈക്കോസിസ്) എന്ന രോഗബാധ സംസ്ഥാനത്ത് ഇതേവരെ (31.05.2021) കോവിഡ് ബാധിതരായ 57 പേരിലും, കോവിഡ് ബാധിതരല്ലാത്ത 6 പേരിലും ഈ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ് ബാധിതരായ 57 ൽ 4 പേർ തമിഴ്നാട്ടുകാരാണ്. കോവിഡ് ബാധിതരല്ലാത്ത 6 പേരിൽ 2 പേർ തമിഴ്നാട്ടുകാരാണ്.

കോവിഡ് പോസിറ്റീവായ രോഗികളിലോ കോവിഡ് രോഗം ഭേദമായ പോസ്റ്റ് കോവിഡ് രോഗികളിലോ, പ്രത്യേകിച്ച് രോഗപ്രതിരോധ ശേഷി കുറവായ (HIGH RISK) രോഗികളിൽ (അനിയന്ത്രിതമായ പ്രമേഹം, സ്റ്റിറോയ്ഡുകൾ സ്ഥിരമായി ഉപയോഗിക്കുന്നവർ, പ്രതിരോധ ശേഷി കുറയ്ക്കുന്ന മരുന്നുകൾ സ്വീകരിക്കുന്നവർ, കാൻസർ ബാധിതർ, അവയവദാനം സ്വീകരിച്ചവർ മുതലായവർ) ആണ് മ്യൂക്കർ മൈക്കോസിസ് എന്ന രോഗം പിടിപെടാൻ സാധ്യത കൂടുതൽ ഉള്ളത്. ഇത്തരം രോഗികളിൽ കോവിഡ് പോസിറ്റീവ് ആയ ഉടനെയോ, കോവിഡ് രോഗം ഭേദമായി ആഴ്ചകൾക്കോ, മാസങ്ങൾക്കോ ശേഷമോ മ്യൂക്കർ മൈക്കോസിസ് രോഗലക്ഷണങ്ങൾ കാണാൻ സാധ്യതയുണ്ട്.

5 തരത്തിലുള്ള മ്യൂക്കർ മൈക്കോസിസ് രോഗബാധയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം 5 അവസ്ഥയിലുള്ള രോഗലക്ഷണങ്ങളും, അവ ചികിത്സിക്കേണ്ട രീതികളും പ്രതിപാദിച്ച കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 16.05.2021 ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് മുൻ നിർത്തിയുള്ള നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ആശുപത്രികളിൽ നിന്നും വീടുകളിൽ നിന്നും ഫംഗസ് രോഗം പിടിപെടാനിടയുള്ള മറ്റ് സാഹചര്യങ്ങളെപ്പറ്റിയും പൊതുജനങ്ങളെയും, ജീവനക്കാരെയും ബോധവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും, ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് 27.05.2021 ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിനും, മരണ നിരക്ക് കുറയ്ക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കോവിഡ് ബാധിതരായ ആളുകളെ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനും, അവരെ ക്വാറന്റയിനിൽ താമസിപ്പിക്കുന്നതിനും, ആവശ്യമുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്നതിനും സമ്പർക്ക വിലക്ക് ഉറപ്പാക്കുന്നതിനും ആരോഗ്യ വകുപ്പിനു പുറമേ പോലീസ്, സാമൂഹ്യ നീതി വകുപ്പ്, അങ്കണവാടി/ ആശാവർക്കർമാർ, പഞ്ചായത്ത് വകുപ്പ്, വോളണ്ടിയർമാർ എന്നിവരുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

കോവിഡ് കാലത്ത് ആശുപത്രിയിൽ പോകാതെ വീട്ടിൽ ചികിത്സ ഉറപ്പാക്കുന്നതിനായി ഇ-സഞ്ജീവനി ടെലി മെഡിസിൻ പ്ലാറ്റ്ഫോം ആരംഭിച്ചു. സാംക്രമികേതര രോഗങ്ങൾ ഉള്ളവർക്ക് വീടുകളിൽ മരുന്നെത്തിച്ച് നൽകുന്നതിനും, മാനസ്സിക പിന്തുണ ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്.

രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കോവിഡ് ആശുപത്രികൾക്ക് അധിക മാനവവിഭവ ശേഷിയും, അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. കോവിഡ് ആശുപത്രികളിലെ ഓക്സിജൻ ഉല്പാദന ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ആശുപത്രികളിൽ കൂടുതൽ ഐ.സി.യു കിടക്കളും വെന്റിലേറ്റർ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള കോവിഡ് കെയർ സെന്ററുകളുടെ എണ്ണവും, സെന്ററുകളിലെ കിടക്കളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. വീട്ടിൽ ക്വാറന്റൈൻ സൗകര്യമില്ലാത്തതും രോഗലക്ഷണനില്ലാത്തതുമായ രോഗികളുടെ ചികിത്സക്കായി ഡൊമിസിലറി കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തീവ്രതയില്ലാത്ത രോഗലക്ഷണങ്ങളുള്ള (കാറ്റഗറി എ) രോഗികളുടെ ചികിത്സക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CFLTC) കുറച്ചു കൂടി തീവ്ര ലക്ഷണങ്ങളുള്ള (കാറ്റഗറി ബി) രോഗികളുടെ ചികിത്സക്കായി കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CSLTC) സജ്ജമാക്കിയിട്ടുണ്ട്. കോവിഡ് രോഗനിർണ്ണയം പെട്ടെന്ന് തന്നെ സാധ്യമാക്കുന്നതിനായി കോവിഡ് പരിശോധനാ സൗകര്യങ്ങൾ സജ്ജീകരിക്കുകയും, ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. RTPCR ന്റെ റേറ്റ് 500/- രൂപയായി കുറക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിന് മുകളിൽ ദിനം പ്രതി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യവും ഏ്ർപ്പെടുത്തി യിട്ടുണ്ട്. കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തി (KASP) പ്രൈവറ്റ് ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനവും, മരണ നിരക്കും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് ബാധിതരുടെ മരണ നിരക്ക് (CFR) കേരളത്തിൽ 0.34% ആണ്. ഇന്ത്യയിൽ 1.17% ആണ്. CFR നിലവിലുള്ള സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ മരണ നിരക്ക് രേഖപ്പെടുത്തുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയത് ഇത്തരം ഊർജ്ജിതമായ പ്രവർത്തനങ്ങൾ ആരംഭത്തിലേ നടപ്പിലാക്കിയതുമൂലമാണ്.

സംസ്ഥാന തലത്തിൽ വിദഗ്ധരുൾപ്പെടുന്ന ഡെത്ത് ഓഡിറ്റ് കമ്മിറ്റി ആഴ്ച തോറും യോഗം ചേർന്ന് കോവിഡ് മൂലവും, കോവിഡ് ഇതര രോഗം മൂലവും മരണമടയുന്നവരുടെ വിശദവിവരം പരിശോധിച്ച് ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ജില്ലകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്. റിവേഴ്സ് ക്വാറന്റയിൻ ശക്തിപ്പെടുത്തുകയും, കിടപ്പു രോഗികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നിർദ്ദേശവും യഥാസമയം നൽകി വരുന്നുണ്ട്. രോഗ സാധ്യത കൂടിയ ഗർഭിണികൾ, കുട്ടികൾ, 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, ദീർഘകാല രോഗങ്ങൾക്ക് ചികിത്സയെടുക്കുന്നവർ എന്നിവർക്ക് ആവശ്യമായ മരുന്നുകളും, മറ്റ് സാധന സാമഗ്രികളും അവരുടെ വീടുകളിൽ എത്തിക്കുവാൻ ആവശ്യമായ RRT സംവിധാനവും, ഇതര വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.